കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടകരപ്പതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-11-1225/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 31.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വടകരപ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടകരപ്പതി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്: 1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-11-1225/2019 തിയ്യതി: 31.10.2019

## പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2018 മുതൽ 18-8-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-8-2019 മുതൽ 30-8-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.വിജയൻ | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കുഴന്തൈ തെരേസ | 1-4-2018മുതൽ 31-3-2019 വരെ |
| സെക്രട്ടറി | (1) ശ്രീ.വിക്ടർരാജ്.ഡി | 1.4.2018 മുതൽ 31.5.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | (2) ശ്രീ.പ്രദീപ് പാസ്കൽ.സി | 1.6.2018 മുതൽ 27.6.2018 വരെ |
| | (3) ശ്രീ. കെ.ഒ.മേഴ്സി | 28.6.18 മുതൽ 28.7.2018 വരെ &<br>13-8-2018 മുതൽ 9-10-2018 വരെ |
| | (4) ശ്രീ.ബീഗം സൈന | 29.7.2018 മുതൽ 12.8.2018 വരെ |
| | (5) ശ്രീമതി.മേരി ബിബിയാന, ജെ.എസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 10.10.2018 |
| | (6) ശ്രീ.കെ.സന്തോഷ് | 11-10-2018 മുതൽ 5-3-2019 വരെ |
| | (7) ശ്രീ.സുനിൽ സെബാസ്റ്റ്യൻ | 6-3-2019 മുതൽ 12-3-2019 വരെ |
| | (8) ശ്രീ.സി.നാരായണൻകുട്ടി | 13-3-2019 മുതൽ 31-3-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥര്</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അനീഷ.എ.കെ<br>ശ്രീമതി.ജിജി അലൻ.ജെ<br>ഡോ.ഗീത.പി | 1-4-2018 മുതൽ 01-11-2018 FN<br>01-11-2018 ANമുതൽ<br>21-11-2018 FN വരെ<br>21-11-2018 ANമുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി.സോണിയ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അന്നപൂർണ്ണി | 1-4-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ദീപ.കെ | 1-4-2018 മുതൽ 3-10-2018 വരെ |
| | ശ്രീ.രവി.വി | 4-10-2018 മുതൽ 8-11-2018 വരെ |
| | ശ്രീമതി.ഷിപി.എസ് | 9-11-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ആൻസി സാമുവൽ | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ബർദീഷ | 1-4-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.മുതൽരാജ് | 1-4-2018 മുതൽ 31-3-2019 വരെ |
| എച്ച്.എം, GLPS | ശ്രീമതി.ഗ്രേസ് ആന്റോ | 1-4-2018 മുതൽ 31-3- |

| | | |
|---|---|---|
| | | 2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ടി.പി.വേണുഗോപാൽ | 1-4-2018 മുതൽ 5-3-2019 വരെ |
| | (ഒഴിവ്) | 6-3-2019 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സജീഷ് കുമാർ.ടി<br>ശ്രീമതി.ശ്രീലത | 1-4-2018 മുതൽ 04-3-2019 വരെ<br>05.03.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>


| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) | 1-5 |
| 6 | ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം | 1-9 |
| 10 | ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കേണ്ട താണ് | 1-10 |
| 11 | അഹല്യ ഗ്രൂപ്പിന്റെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ട താണ് | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ പരിഹരിക്കേണ്ട താണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-13 |
| 14 | അഹല്യ ഫൗണ്ടേഷന കീഴിലുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| 15 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത | 1-15 |
| 16 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-16 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 18 | വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകേണ്ടതാണ് | 1-18 |
| 19 | തെരുവു വിളക്കുകൾ വാങ്ങൽ - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-19 |
| 20 | ടെണ്ടർ ഫോറങ്ങളുടെ വില ഒടുക്കിയതിൽ കുറവ്-നഷ്ടം ഈടാക്കേണ്ടതാണ് | 1-20 |
| 21 | വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കൽ-ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത-പഞ്ചായത്തിന് നഷ്ടം | 1-21 |
| 22 | ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികളിൽ ബിനാമികളെ ഒഴിവാക്കേണ്ടതാണ് | 1-22 |
| 23 | പി.എം.എ.വൈ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-23 |
| 24 | വി.ഇ.ഒ യുടെ പേരിലുള്ള ഇ.എം.എസ് ഭവന പദ്ധതിക്കായുള്ള അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് | 1-24 |
| 25 | വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടത്തിപ്പ് - അവലോകനം | 1-25 |
| 26 | ഒ.ഡി.എഫ് - ക്രിട്ടിക്കൽ പഞ്ചായത്തുകൾക്കുള്ള വിഹിതം - വിനിയോഗം ക്രമപ്രകാരമല്ല | 1-26 |
| 27 | കറവ പശു വാങ്ങൽ-പർച്ചേയ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല | 1-27 |
| 28 | തെരുവ് നായകളുടെ നിയന്ത്രണം - പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല | 1-28 |
| 29 | പദ്ധതി നിർവ്വഹണം വൈകിയതിനാൽ സർക്കാർ സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങൽ നടപ്പായില്ല | 1-29 |
| 30 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നതിൽ കാലതാമസം | 1-30 |
| 31 | പി.എച്ച്.സി ക്ക് ഉപകരണങ്ങൾ വാങ്ങിയതിൽ അപാകത | 1-31 |
| 32 | പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ വാങ്ങിയതിൽ | 1-32 |

| | | |
|---|---|---|
| | നടപടിക്രമങ്ങൾ പാലിച്ചില്ല | |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ടെണ്ടർ ഫോറങ്ങളുടെ വില ഒടുക്കിയതിൽ കുറവ്-നഷ്ടം ഈടാക്കേണ്ടതാണ് | 2-1 |

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കൽ-ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത-പഞ്ചായത്തിന് നഷ്ടം | 3-1 |

ഭാഗം-IV

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു കളുടെ വിവരം | 4-10 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

19-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. തൻവർഷത്തെ പ്രതീക്ഷിത വരവ് 15,82,85,000.00 രൂപയും ചെലവ് 16,40,17,000.00 രൂപയും നീക്കിയിരിപ്പ് 41,45,808.00 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 8-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8094254 |
| വരവ് | 133650178 |
| ആകെ | 141744432 |
| ചെലവ് | 126162248 |
| നീക്കിയിരിപ്പ് | 15582184 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | തൻവർഷ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | ബാക്കി | വരവ് | | | യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ<br><br>(എ.സി.ആർ പ്രകാരം) | 0 | 27410000 | 27410000 | 20786587 | 6623413 |
| വികസനഫണ്ട് എസ്.സി.പി<br><br>(എ.സി.ആർ പ്രകാരം) | 0 | 4507000 | 4507000 | 3400572 | 1106428 |
| വികസനഫണ്ട്<br><br>ടി.എസ്.പി<br><br>(എ.സി.ആർ പ്രകാരം) | 0 | 1841000 | 1841000 | 594825 | 1246175 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്<br><br>(എ.സി.ആർ പ്രകാരം) | 0 | 6095000 | 6095000 | 4352014 | 1742986 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br><br>(എ.സി.ആർ പ്രകാരം) | 0 | 8262000 | 8262000 | 7903017 | 358983 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11497000 | 11497000 | 11176448 | 320552 |
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 0 | 40956317 | 40956317 | 40956317 | 0 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 1142 | 868968 | 870110 | 861445 | 8665 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 0 | 3624923 | 3624923 | 2969215 | 655708 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 4424244 | 4424244 | 3480685 | 943559 |
| ജനറൽ പർപ്പസ് ഗ്രാന്റ് & ICDS ഉൾപ്പെടെ | 906097 | 18713603 | 19619700 | 11767084 | 7852616 |
| തനത് ഫണ്ട്-Canara Bank (TSC ഉൾപ്പെടെ) | 1727143 | 3107995 | 4835138 | 3543661 | 1291477 |
| ഇ-പേയ്മെന്റ് അക്കൗണ്ട്-SBT (LIFE KURDFC loan ഉൾപ്പെടെ) | 14933 | 44870911 | 44885844 | 43683720 | 1202124 |
| തനത്ഫണ്ട് (സഹകരണ ബാങ്ക്) | 4974321 | 9396691 | 14371012 | 11238282 | 3132730 |
| സാക്ഷരത-കനറാ ബാങ്ക് | 1493 | 53 | 1546 | 0 | 1546 |
| WGDP-കനറാ ബാങ്ക് | 370535 | 13140 | 383675 | 0 | 383675 |
| ബി ഫണ്ട് | 0 | 253920 | 253920 | 253920 | 0 |

ട്രഷറിയിലും കനറാ ബാങ്കിലും മറ്റ് തുകകൾക്കൊപ്പം ഉൾപ്പെട്ട അക്കൗണ്ടുകൾ

| | | | | | |
|---|---|---|---|---|---|
| കേന്ദ്രവിഹിതം-ICDS (ട്രഷറി/കനറ ബാങ്ക്) | 1271396 | 680775 | 1952171 | 1623332 | 328839 |
| കേന്ദ്രവിഹിതം-TSC | 3996856 | 809987 | 4806843 | 3102821 | 1704022 |

| (ബാങ്ക്-കാനറ) | | | | | |
|---|---|---|---|---|---|

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 246821601 | 113 | 104814516 | - | 54 | 67 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 13093531 | 3475746 | 27 |
| വി.ഇ.ഒ | 10 | 8 | 157776067 | 57965000 | 37 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 6802062 | 5645911 | 83 |
| സെക്രട്ടറി | 16 | 12 | 12042775 | 9796485 | 81 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 61 | 41911875 | 18261728 | 44 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 10 | 2296871 | 1820042 | 79 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 7080000 | 4668675 | 66 |
| എച്ച്.എം | 3 | 1 | 1653049 | 1053049 | 64 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2860371 | 1000380 | 35 |
| അസി.സെക്രട്ടറി | 6 | 4 | 905000 | 727500 | 80 |
| ആകെ | 167 | 113 | 246821601 | 104814516 | 42 |

# 1-6 ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 13920 | 7 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2474800 | 195 |
| 3 | വിധവാ പെൻഷൻ | 15195000 | 1283 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26576100 | 2108 |
| 5 | വികലാംഗ പെൻഷൻ | 3752000 | 309 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1050400 | 88 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-8-2019 ന് 2.pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 404/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-8-2019 | 6, 7/2019 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8-1-2016 മുതൽ 22-1-2016 വരെ | 2011-12 മുതൽ 2014-15 വരെ | 25-2-2016 |

# 1-9 ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം

വടകരപ്പതി ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. 29-7-2019 മുതൽ 28-7-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്.

തുടർസേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്ത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നതിനുള്ള ശ്രമം തുടരേണ്ടതുമാണ്.

# 1-10 ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്

<u>ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്</u>

പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ബജറ്റിനു മുമ്പായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതാണ്. ആയത് വിളിച്ചു ചേർത്തതിന് രേഖയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇത് ഇടയാക്കുന്നു. എല്ലാ ഘടക സ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തി മാത്രം ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിനായി ബജറ്റ് മാന്വലിൽ സൂചിപ്പിച്ച സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് 19-3-18 ന് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

<u>ബജറ്റ് പരിശോധനയുടെ വിവരം</u>

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുണ്ടായിരുന്ന പരസ്യ നികുതിയിനത്തിൽ 30000 രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പാക്കിയതിനെത്തുടർന്ന് പരസ്യ നികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2017-18 വർഷത്തിൽ എടുത്തു മാറ്റിയ പശ്ചാത്തലത്തിൽ പരസ്യ നികുതി എന്ന ഇനം ബജറ്റിൽ നിന്നും ഒഴിവാക്കേണ്ടതായിരുന്നു.

അഹല്യ ഫൗണ്ടേഷന്റെ കെട്ടിടങ്ങളുടെ കൃത്യത ഉറപ്പാക്കാത്തതിനാൽ വസ്തു നികുതിയിനത്തിൽ കുറവുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അഹല്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് നികുതി കുറവു ചെയ്യുന്നതിനായി അഹല്യ നൽകിയ കേസ് തീർപ്പാക്കാത്തതിനാൽ വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ള 40 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. വെള്ളക്കരം ഇനത്തിൽ 30 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്തിന് ലഭ്യമാകേണ്ട തുകകൾ ലഭ്യമാകുന്നതിനുള്ള ലക്ഷ്യം കൂടി ഉണ്ടാകേണ്ടതാണ്. പുതിയ വരവിനങ്ങളൊന്നും തൻവർഷം കണ്ടെത്തിയതായും കാണുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു.

പുതുക്കിയ ബജറ്റ് പാസാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ സ.ഉ(ആർ.ടി)നം.3291/2016/തസ്വഭവ തിയതി 2-12-2016 ലെ നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

# 1-11 അഹല്യ ഗ്രൂപ്പിന്റെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

അഹല്യ ഗ്രൂപ്പിന്റെ കീഴിലുള്ള ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലാബുകൾ, വർക്ക്ഷോപ്പുകൾ, ഹോസ്റ്റലുകൾ മുതലായ കെട്ടിടങ്ങൾ വടകരപ്പതി, എലപ്പുള്ളി, പുതുശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലായാണ് നിർമ്മിച്ചിട്ടുള്ളത്. നൂറുകണക്കിന് ഏക്കർ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന കോമ്പൗണ്ടിലെ ഓരോ പഞ്ചായത്തിനു കീഴിലുമുള്ള കെട്ടിടങ്ങൾ ഏതൊക്കെയെന്ന് അവ്യക്തത നിലനിൽക്കുന്നുണ്ട്. കൃത്യത വിലയിരുത്തുന്നതിനായി വിശദമായ പരിശോധന ആവശ്യമാണെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരം</u>

വടകരപ്പതി ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന താഴെ പറയുന്ന 11 കെട്ടിടങ്ങൾ ക്കാണ് നിലവിൽ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | ഡിമാന്റ് | കുറിപ്പ് |
|---|---|---|---|---|
| 1 | 17/412 | ആശുപത്രി | 439585 | വുമൺ & ചിൽഡ്രൻസ് ആശുപത്രി |
| 2 | 17/413 | പാർപ്പിടം | 2811 | അടിസ്ഥാന നികുതി 5 രൂപ |
| 3 | 17/414 | പാർപ്പിടം | 170 | അടിസ്ഥാന നികുതി 5 രൂപ |
| 4 | 17/415 | ഹോസ്റ്റൽ | 390463 | അടിസ്ഥാന നികുതി 45 രൂപ നിശ്ചയിച്ചതിനെതിരെ കേസ് നില |
| 5 | 17/416 | ഹോസ്റ്റൽ | 407578 | |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതിനാൽ വസ്തു നികുതി ഈടാക്കുന്നില്ല.<br>കേസ് നം.WP(C) 2054/ 17(F)<br>നികുതി കുടിശ്ശിക – 39.91 ലക്ഷം രൂപ |
| 6 | 17/427 | വിദ്യാഭ്യാസം | 7746 | എഞ്ചിനിയറിംഗ് കോളേജ് ലാബ് |
| 7 | 17/428 | വിദ്യാഭ്യാസം | 7746 | |
| 8 | 17/429 | വിദ്യാഭ്യാസം | 7746 | |
| 9 | 17/430 | വിദ്യാഭ്യാസം | 61334 | സ്കൂൾ ഓഫ് മാനേജ്മെന്റ് |
| 10 | 17/509 | ഹോസ്റ്റൽ | 133578 | അടിസ്ഥാന നികുതി 45 രൂപ |
| 11 | 17/512 | ഹോസ്റ്റൽ | 133578 | അടിസ്ഥാന നികുതി 45 രൂപ |
| ആകെ | | | 1592335 | |

എ. ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തു നികുതി

മേൽ പട്ടികയിലെ ക്രമ നം. 4, 5 എന്നിവയിലെ സ്വകാര്യ ഹോസ്റ്റൽ എന്ന ഗണത്തിന് 45 രൂപ അടിസ്ഥാന നികുതി ചുമത്തിയതിനെതിരെ അഹല്യ മാനേജ്മെന്റ് നൽകിയ കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ല. ആയതിനാൽ ഈ രണ്ട് കെട്ടിടങ്ങളുടേയും വസ്തു നികുതി നിലവിൽ ഈടാക്കുന്നില്ല. 3991458 രൂപ കുടിശ്ശികയായുണ്ട്.

കേസിന്റെ വിശദാംശങ്ങൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നൽകിയിട്ടുണ്ട്.

മേൽ പട്ടികയിലെ ക്രമ നം. 10, 11 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി 45 രൂപയായി നിശ്ചയിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. സ്ഥാപനം എതിർപ്പ് കൂടാതെ നികുതി ഒടുക്കി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ക്രമ നം. 4, 5 എന്നിവയിലെ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തിയതായി കാണിച്ച് നൽകിയിട്ടുള്ള കേസിന് ആസ്പദമായ സ്ഥാപനത്തിന്റെ വാദം ദുർബലമാണെന്ന് അനുമാനിക്കാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

മറ്റ് ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് 45 രൂപ നിശ്ചയിച്ചത് പ്രകാരം സ്ഥാപനം നികുതി ഒടുക്കി വരുന്നതായി പഞ്ചായത്തിന്റെ അഭിഭാഷകൻ മുഖേന കേസ് പരിഗണിക്കുന്ന വേളയിൽ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ബി. കെട്ടിടങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

അഹല്യ കാമ്പസിന്റെ വടകരപ്പതി ഗ്രാമപഞ്ചായത്തിനു കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടേയും കൃത്യമായ കണക്കെടുപ്പ് നടത്തേണ്ടതാണ്.
ഓരോ കെട്ടിടത്തിന്റേയും വിസ്തീർണ്ണം ആവശ്യമെങ്കിൽ അളക്കേണ്ടതും ആയതിനനുസരിച്ച് വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

അനധികൃത കെട്ടിടങ്ങളോ കൂട്ടിച്ചേർക്കലുകളോ ഉണ്ടെങ്കിൽ ആയവ ക്രമവൽക്കരിച്ചതിനുശേഷം വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

എല്ലാ കെട്ടിടങ്ങളേയും നികുതിയുടെ പരിധിയിൽ കൊണ്ടുവന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കണ്ടെത്തുന്നതിനായി കൂടുതൽ അന്വേഷണം നടത്തേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

ഈ വിഷയങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7 തിയ്യതി 27.08.2019 ന് മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(ii)(ബി) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതി രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും ഗ്രാമപഞ്ചായത്തിൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവുണ്ടായിട്ടുണ്ടോ എന്നും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>1. സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിവരം കാണിക്കുന്ന രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ കൃത്യമായ വിവരം ഇല്ലാത്തതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ പല സ്ഥാപനങ്ങളും നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാകുവാനും പഞ്ചായത്തിന് നികുതി ചോർച്ച ഉണ്ടാകുവാനും ഉള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. സെക്ഷനുകളിലെ രേഖകളുടെ സൂക്ഷിപ്പ് മേലുദ്യോഗസ്ഥർ നിരീക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായതായി വിലയിരുത്തുന്നു.

<u>2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാർ ആരുംതന്നെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും |
|---|---|
| 1 | രാമകൃഷ്ണൻ, ഡബ്ല്യു ഡി കോൺട്രാക്ടർ നല്ലേപ്പിള്ളി |
| 2 | കുളന്തൈരാജ്, ഡബ്ല്യു ഡി കോൺട്രാക്ടർ കോഴിപ്പാറ |

| | |
|---|---|
| 3 | ജൽനാഥ, പി ഡബ്ല്യു ഡി കോൺട്രാക്ടർ ആട്ടയാംപതി |
| 4 | എസ്.വിനോദ്, കോൺട്രാക്ടർ കോഴിപ്പാറ |
| 5 | ശിവൻ.എ, പി ഡബ്ല്യു ഡി കോൺട്രാക്ടർ കോഴിപ്പാറ |
| 6 | ഗുരുവായൂരപ്പൻ , പി ഡബ്ല്യു ഡി കോൺട്രാക്ടർ |
| 7 | എസ്.വി അശോകൻ, പി ഡബ്ല്യു ഡി കോൺട്രാക്ടർ |
| 8 | പരമേശ്വരൻ, പി ഡബ്ല്യു ഡി കോൺട്രാക്ടർ നല്ലേപ്പിള്ളി |
| 9 | രവീന്ദ്രൻ പി, ഡബ്ല്യു ഡി കോൺട്രാക്ടർ എരുത്തേമ്പതി |
| 10 | മുത്തലിൻ, കോൺട്രാക്ടർ നല്ലേപ്പിള്ളി |
| 11 | ശശിധരൻ പി, ഡബ്ല്യു ഡി കോൺട്രാക്ടർ |
| 12 | ശശിധരൻ പി, ഡബ്ല്യു ഡി കോൺട്രാക്ടർ |
| 13 | പഴണിസ്വാമി, കോൺട്രാക്ടർ എരുത്തേമ്പതി |
| 14 | കെ.അജിത്കുമാർ, കോൺട്രാക്ടർ നല്ലേപ്പിള്ളി |
| 15 | സജീവൻ, കോൺട്രാക്ടർ എരുത്തേമ്പതി |
| 16 | അയ്യാസ്വാമി പി, ഡബ്ല്യു ഡി കോൺട്രാക്ടർ എരുത്തേമ്പതി |
| 17 | സുനിൽ കുമാർ പി, ഡബ്ല്യു ഡി കോൺട്രാക്ടർ നാട്ടുകൽ |
| 18 | സി.ബാബു, കോൺട്രാക്ടർ തെക്കേ ദേശം |
| 19 | ശിവൻ.ആർ, കോൺട്രാക്ടർ കോഴിപ്പാറ |
| 20 | വിനോദ്.വി, കോൺട്രാക്ടർ കോഴിപ്പാറ |

3. വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | മണൽക്കാട് മിൽക്ക് സൊസൈറ്റി | II | ജീവനക്കാരുടെ എണ്ണം.1<br>ഒടുക്കിയ നികുതി-600 രൂപ |
| 2 | സെന്റ് സെബാസ്റ്റ്യൻ ഐ.റ്റി.സി | II | ജീവനക്കാരുടെ എണ്ണം.7<br>ഒടുക്കിയ നികുതി-4200 രൂപ |
| 3 | ഇസാഫ് മൈക്രോ ഫിനാൻസ് | II | ജീവനക്കാരുടെ എണ്ണം.7<br>ഒടുക്കിയ നികുതി-5300 രൂപ |

4. റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വടകരപ്പതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി

തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഈ വിഷയങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 തിയ്യതി 27.08.2019 ന് സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും, കരാറുകാരിൽ നിന്നും റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ കൃത്യമായ വിവരം അടങ്ങിയ രജിസ്റ്റർ വാർഡ് തലത്തിൽ തയ്യാറാക്കി സൂക്ഷിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.
2. ഈടാക്കുവാൻ വിട്ടുപോയ സ്ഥാപനങ്ങളുടെ നികുതി ഈടാക്കേണ്ടതാണ്.
3. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
4. റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ചട്ടങ്ങൾ പാലിക്കേണ്ടതാണ്

31.10.2017 പ്രകാരം പുതുക്കിയ ചട്ടങ്ങൾ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്നാണ് നിലവിൽ അറിയപ്പെടുന്നത്.

സ്ഥാപനങ്ങളുടെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കയിരുന്നത്. 31.03.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയ പട്ടിക 2 അനുസരിച്ച് സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, സ്മാൾ, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തേയും ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ഫീസ് ഈടാക്കേണ്ടതുമാണ്.

പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചാണോ രേഖകൾ സൂക്ഷിക്കുന്നതെന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നും ലൈസൻസ് അനുവദിക്കുന്നതെന്നും പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആയതനുസരിച്ച് പരിശോധന നടത്തുകയും ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

2018-19 വർഷത്തിൽ 272 സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുകയോ പുതിയ ലൈസൻസ് നൽകുകയോ ചെയ്തിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ 19-മത് ഇനമായി എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയിരിക്കുന്നത് ഒരു ദിവസത്തെ വിറ്റു വരവാണെന്ന് കണ്ടെത്തി. അതിനനുസരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തി വാങ്ങാത്തതിനാൽ 2018-19 വർഷത്തിൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

പുതുക്കിയ ചട്ടം അനുസരിച്ചുള്ള അപേക്ഷകൾ വിതരണം ചെയ്യുവാൻ അധികൃതർ ശ്രദ്ധിച്ചിട്ടില്ല.

2. ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ അപാകത

ലൈസൻസ് ഏത് തിയതി മുതൽക്കാണ് ബാധകം എന്ന് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് പുതുക്കിയതാണോ പുതിയ ലൈസൻസ് നൽകിയതാണോ എന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല.

3. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. റേഷൻ കടകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ. നം. | പേര് | വിലാസം | റേഷൻ കട നം. |
|---|---|---|---|
| 1 | പവനാംഗി | കോഴിപ്പാറ | 37 |
| 2 | വിനോജ് കുമാർ | കോഴിപ്പാറ ചന്തപ്പേട്ട | 38 |
| 3 | രംഗനാഥൻ | വേലന്താവളം | 39 |
| 4 | പേച്ചിമുത്തു | മേനോൻപാറ | 41 |
| 5 | മാർട്ടിൻ ആന്റണി | കള്ളിയംപാറ | 42 |
| 6 | ചിദബരം | മണിയാക്കരം ചള്ള | 43 |
| 7 | ദുരൈ സ്വാമി | ഒഴലപ്പതി | 44 |
| 8 | മുരുകൻ | മച്ചകുന്ന്, കേരംപാറ | 45 |
| 9 | തങ്കവേലു | ഒഴലപ്പതി | 109 |
| 10 | ഗീത | കിണർപള്ളം | 163 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. മേൽപ്പറഞ്ഞ റേഷൻ കടകൾക്ക് ഒന്നിനും ലൈസൻസ് എടുത്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

4. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സർക്കുലർ നം.576/ഡിസി-1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം സർക്കാർ തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഈ വിഷയങ്ങൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 തിയ്യതി 27.08.2019 ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതാണെന്നും രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് ലൈസൻസ് നൽകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ വിതരണം ചെയ്യേണ്ടതാണ്.
3. ഡിമാന്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.
4. രണ്ടാം പട്ടികയിൽ നൽകിയിരിക്കുന്നത് പരമാവധി ഫീസ് ആയതിനാൽ ഓരോ സ്ഥാപനത്തിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്. ആയതിനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.
5. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 അഹല്യ ഫൗണ്ടേഷനു കീഴിലുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1. അഹല്യ ഇന്റർ നാഷണൽ ഫൗണ്ടേഷന്റെ കീഴിലുള്ള മെസ്സ് ബ്ലോക്ക് കെട്ടിട നിർമ്മാണം-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

എഞ്ചിനിയറിംഗ് കോളേജിന്റെ കീഴിലുള്ള മെസ്സ് ബ്ലോക്കിനായി 985.93 ച.മീറ്ററിൽ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ 03.04.2018 ന് അഹല്യ ഗ്രൂപ്പിനുവേണ്ടി എ.ജി.അജിത് പ്രസാദ് എന്നയാൾ സമർപ്പിച്ചിട്ടുണ്ട്. മുൻപ് ഇതേ ആവശ്യത്തിനായി സമർപ്പിച്ച അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചതിനാൽ ആവശ്യമായ ഭേദഗതികളോടെയാണ് അപേക്ഷ പുനർ സമർപ്പിച്ചിട്ടുള്ളത്.

സെക്രട്ടറിയുടെ 31.05.18 ലെ കത്ത് നം. എ2/2524/18 പ്രകാരം സർവ്വെ നം.75/1, 75/3 എന്നിവയിലുള്ള കെട്ടിട ഭാഗങ്ങൾ നിലത്തിലാണ് പണിതിട്ടുള്ളതെന്ന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയിൽ ബോധ്യപ്പെട്ട തായി അഹല്യ ഇന്റർ നാഷണൽ ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. കെട്ടിടം നിലത്തിലല്ല പണിതിട്ടുള്ളതെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കാൻ സെക്രട്ടറി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷകൻ കത്തിന് മറുപടി സമർപ്പിച്ചതായോ ആവശ്യമായ രേഖകൾ സമർപ്പിച്ചതായോ കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതുവരെ ഈ വിഷയത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ലെന്ന് ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. കെട്ടിടം ഇപ്പോഴും അനധികൃതമായി നിലനിൽക്കുകയാണ്.

ഓഡിറ്റ് നിർദ്ദേശം

അനധികൃത നിർമ്മിതിക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. എഞ്ചിനിയറിംഗ് കോളേജിന്റെ വർക്ക്ഷോപ്പ് കെട്ടിടം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

അഹല്യ ഫൗണ്ടേഷനു കീഴിലുള്ള വിവിധ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ള വടകരപ്പതി വില്ലേജിനു കീഴിലെ സ്ഥലം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് നം. WP(C) No. 21289/2017 ന്റെ 23-5-2018 ലെ വിധി പ്രകാരം 4 മാസത്തിനുള്ളിൽ ആർ.ഡി.ഒ, തഹസിൽ ദാർ എന്നിവർ സ്ഥലം പരിശോധിച്ച് പരാതി തീർപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേസിൽ പഞ്ചായത്ത് ഒരു കക്ഷിയാണ്. അഹല്യ എഞ്ചിനിയറിംഗ് കോളേജിന്റെ കീഴിലുള്ള വർക്ക് ഷോപ്പ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ഈ സ്ഥലത്ത് സ്ഥിതി ചെയ്യുന്നുണ്ട്.

ആർ.ഡി.ഒ നടത്തിയ സിറ്റിംഗിൽ പഞ്ചായത്തിന്റെ അഭിപ്രായം അറിയിച്ചതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു. കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

90/1, 90/2, 3, 4, 5, 6, 112/1 എന്നീ സർവ്വേ നമ്പറുകളിലായി വ്യാപിച്ചു കിടക്കുന്ന സ്ഥലത്ത് എഞ്ചിനിയറിംഗ് കോളേജിന്റെ ലബോറട്ടറികളും വർക്ക്ഷോപ്പ് കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ട്. ആയതിൽ വർക്ക്ഷോപ്പ് കെട്ടിടത്തിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടില്ല. വർക്ക്ഷോപ്പ് കെട്ടിടം പൂർത്തീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ആയതിന് നാളിതുവരെ ക്രമവൽക്കരണം നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. നിലവിലുള്ള കേസിന്റെ അന്തിമ തീർപ്പിനും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും, വസ്തു നികുതി ചട്ടങ്ങൾക്കും അനുസൃതമായി അനധികൃത കെട്ടിടത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അഹല്യ ഇന്റർ നാഷണൽ ഫൗണ്ടേഷന്റെ കീഴിലുള്ള ഇത്തരത്തിലുള്ള മറ്റ് അനധികൃത കെട്ടിടങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നിർമ്മിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധന നടത്തേണ്ടതാണ്.

3. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കണ്ടെത്തുന്നതിനായി കൂടുതൽ അന്വേഷണം നടത്തേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വടകരപ്പതി ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 8 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാലും വെള്ളക്കരം പിരിച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലും വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

1. കുടിവെള്ള പദ്ധതികളുടെ വിവരം

വടകരപ്പതി ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന 8 കുടിവെള്ള വിതരണ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി |
|---|---|
| 1 | എരുമക്കാരനാർ |
| 2 | അനപ്പൂർ |
| 3 | പാലിയമ്മൻ തുറ |
| 4 | വലയക്കാരൻചള്ള |
| 5 | വേലാന്താവളം |
| 6 | കോപ്പമേനോൻചള്ള |
| 7 | ചിന്നകൗണ്ടന്നൂർ |
| 8 | നല്ലൂർ |

2. ഉപഭോക്താക്കളുടെ വിവരം

ഓരോ കുടിവെള്ള പദ്ധതിക്കും കീഴിലുള്ള ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. എല്ലാ പദ്ധതികൾക്കും കീഴിൽ ഗാർഹിക, ഗാർഹികേതര വിഭാഗങ്ങളിൽ 1363 ഉപഭോക്താക്കൾ ഉള്ളതായി സെക്ഷൻ ക്ലാർക്ക് അറിയിച്ചു.

3. വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 150 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

4. ഡിമാന്റ് രജിസ്റ്റർ

ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കൃത്യമായ ഡിമാന്റും വരവു കുടിശ്ശികയും എത്രയെന്ന് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയിലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.

5. കുടിശ്ശികയുടെ വിവരം

വാർഷിക കണക്ക് പ്രകാരം 31.93 ലക്ഷം രൂപ വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഡിമാന്റ് രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷയോടൊപ്പമുള്ള നിബന്ധന പ്രകാരം അഞ്ചാം തിയതിക്കകം വെള്ളക്കരം ഒടുക്കേണ്ടതാണ്. അല്ലാത്തവരിൽ നിന്നും പലിശ ഈടാക്കുന്നതാണെന്നും രണ്ട് മാസം കുടിശ്ശിക വരുത്തുന്നവരുടെ കണക്ഷൻ റദ്ദ് ചെയ്യുന്നതാണെന്നും നിബന്ധനയുണ്ട്. വർഷങ്ങളോളം കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുണ്ടെങ്കിലും വെള്ളക്കരം പിരിച്ചെടുക്കുന്നതിനുള്ള ശ്രമം നടത്തിയതായി കാണുന്നില്ല. കുടിശ്ശിക വരുത്തിയവർക്കെതിരെ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

6. വരവ്-ചെലവ് കണക്കുകൾ

വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ ഡിമാന്റ് 622900 രൂപയാണെങ്കിലും പിരിവ് 136776 രൂപ മാത്രമാണ്. വെള്ളക്കരം പിരിവ് കാര്യക്ഷമമല്ലെന്ന് വിലയിരുത്തുന്നു.

വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, അറ്റകുറ്റപ്പണികൾ, ബൾക്ക് മീറ്റർ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകുന്ന ചാർജ്ജ് എന്നിവയ്ക്കായി ധാരാളം തുക പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| വൈദ്യുതി ചാർജ്ജ് | 773634.00 |
| ബൾക്ക് മീറ്റർ വാട്ടർ ചാർജ്ജ് | 299736.00 |
| അറ്റകുറ്റപ്പണികൾ | 83075.00 |
| പമ്പ് ഓപ്പറേറ്റർ | 72000.00 |
| ആകെ | 1228445 |

ഡിമാന്റിനേക്കാൾ ചെലവ് വളരെയധികം ഉയർന്നു നിൽക്കുന്നതിനാൽ തനത് ഫണ്ടിന് ഉണ്ടാകുന്ന അധിക ബാധ്യത ലഘൂകരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

<u>8. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാ ക്കേണ്ടതാണ്.

4. കുടിവെള്ള കണക്ഷൻ നൽകുന്നതിനായുള്ള അപേക്ഷയിലെ നിബന്ധനകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. കുടിവെള്ളത്തിന്റെ ദുരുപയോഗം പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഗാർഹിക കണക്ഷനുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം.5/26-8-2019 പ്രകാരവും 30-8-2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിലും ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. വാട്ടർ അതോറിറ്റിയുടെ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതികൾ കയ്യൊഴിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത

# ഉറപ്പാക്കേണ്ടതാണ്

ജല അതോറിറ്റിയുടെ കീഴിലുള്ള 427 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുണ്ട്. പ്രതിമാസം 186813 രൂപ ജല അതോറിറ്റിയിൽ തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. തൻവർഷം ആകെ 22.42 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. വീടുകൾക്ക് സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5/27-8-19 നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| ജല അതോറിറ്റി | 19/19-വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 4278000 |
| | 20/19-വിവിധ എസ്.ടി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 180000 |
| | 21/19-വിവിധ എസ്.സി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 283000 |
| കെ.എസ്.ഇ. | 17/19-വിവിധ സ്ഥലങ്ങളിൽ ലൈൻ നീട്ടൽ | 1168790 |

| ബ। | | |
|---|---|---|

സ്ഥാപനങ്ങളുമായി ഒപ്പുവെച്ച എഗ്രിമെന്റിൽ പൂർത്തീകരണ തിയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി പൂർത്തീകരണ തിയതി വ്യക്തമായി നിശ്ചയിക്കേണ്ടതാണ്.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 5/27-8-19 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുയും ചെയ്യേണ്ടതാണ്.
വ്യക്തമായ നിബന്ധനകളോടെ എഗ്രിമെന്റ് ഒപ്പു വെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകേണ്ടതാണ്

തൻവർഷം തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ കണക്കുകൾ ഇല്ലാതെയാണ് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോ. നം. 15/19-തെരുവു വിളക്കുകളുടെ പരിപാലനം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -100000

തനത് ഫണ്ട് - 300000

ആകെ - 400000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 197893

ബിൽ നം. 27/28-2-19 – 100000

തനത് ഫണ്ട് ചെ. നം. - 59019 (2260831/27-2-19) + 38874 (780011/28-3-19)

കരാറുകാരൻ - ശ്രീ.ജെയിംസ് ജേസുദാസ്

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ വൈദ്യുതി ബോർഡ് നിശ്ചയിച്ച തുക ക്വോട്ട് ചെയ്ത കരാറുകാരന് ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുന്ന ലാമ്പുകൾ കെ.എസ്.ഇ.ബി നിരക്കിൽ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനാണ് കരാർ ക്ഷണിച്ചിട്ടുള്ളത്. തൻവർഷത്തെ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ നടപ്പാക്കിയതെന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന വാർഡ് തിരിച്ചുള്ള രേഖകൾ ലഭ്യമല്ല. 2018-19 വർഷത്തെ വാർഷിക റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് രേഖപ്പെടുത്തിയ കണക്കനുസരിച്ച് 991 എൽ.ഇ.ഡി ലാമ്പുകളാണ് നിലിവിലുള്ളത്. എന്നാൽ എ.എം.സി യുടെ ഫയൽ പ്രകാരം 1394 എൽ.ഇ.ഡി ലാമ്പുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കണക്കുകളുടെ പൊരുത്തക്കേട് വിശദീകരിച്ചിട്ടില്ല.

2. 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 810 എൽ.ഇ.ഡി ലാമ്പുകൾ ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ ഗ്രാമജ്യോതി ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 810 ലാമ്പുകളിൽ 167 എണ്ണം പ്രവർത്തനക്ഷമമല്ലാത്തതിനാൽ 22-10-2019 ന് ക്രൂസിന് തിരികെ നൽകിയതിന് രേഖകളുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 810 ലാമ്പുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ ലാമ്പുകളും കരാറുകാരന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച 167 ലാമ്പുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3. ഗ്രാമജ്യോതി ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയ 810 ലാമ്പുകളും പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ കേടുപാടുകൾ കാരണം തിരികെ നൽകിയ 167 ലാമ്പുകൾ തിരികെ ലഭിച്ചതായി ബോധ്യപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകളും പരിപാലനവും

ക്രമീകരിക്കേണ്ടതാണ്.

2. പ്രവർത്തനക്ഷമമല്ലാത്ത 167 ലാമ്പുകൾ തിരികെ ലഭ്യമാവുകയും യഥാർത്ഥത്തിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3. തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗിലൂടെ നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തിയതി 15-9-2011 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കുലർ നം. 269/ഡി.എ.3/2018/തസ്വഭവ തിയതി 25-9-2018 പ്രകാരം തുടർ നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്.

4. പഞ്ചായത്തിലും കരാറുകാരന്റെ കൈവശവും പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. അറ്റകുറ്റപ്പണികളുടെ കൃത്യത ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4/26-8-19 മുഖേനയും 30-8-19 ന് നടന്ന എക്സിറ്റ് മീറ്റിംഗിലും വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 തെരുവു വിളക്കുകൾ വാങ്ങൽ - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

തൻവർഷം തെരുവു വിളക്കുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം പ്രോജക്റ്റ് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്.

104/19-തെരുവു വിളക്ക് വാങ്ങൽ (എൽ.ഇ.ഡി)

അടങ്കൽ - 2417850 (സി.എഫ്.സി - 2415000 + തനത് ഫണ്ട് - 2850)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 2415420 (സി.എഫ്.സി - 19/23-11-18 – 2087400, 26/28-2-19 – 327600, ചെ.നം. 2260830/
26-2-19- 420

എഗ്രിമെന്റ് തിയതി - 25-5-2018

1. ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ ഗ്രാമജ്യോതി ലൈറ്റിംഗ് ലിമിറ്റഡ്, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 810 എൽ.ഇ.ഡി ലാമ്പുകൾ (24W) ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. സ.ഉ(സാധാ)നം.1093/2017/തസ്വഭവ തിയതി 5-4-2017 ലെ നിബന്ധനകൾ പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ലാമ്പുകളുടെ സ്റ്റോക്ക് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേടുപാടുകൾ സംഭവിച്ച ലാമ്പുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

തെരുവ് വിളക്ക് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 25 പ്രകാരമുള്ള സ്റ്റോക്ക് വിവരം താഴെ ചേർക്കുന്നു.

1. ഇൻവോയ്സ് നം. 22/25-7-2018 – 250 (27-7-18)

2. " 25/7-8-18 – 450 (8-8-18)

3. " 152/15-2-19(16-2-19)

ആകെ ലഭ്യമായ 810 ലാമ്പുകളും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. 810 ലാമ്പുകളിൽ 167 എണ്ണം പ്രവർത്തനക്ഷമമല്ലാത്തതിനാൽ 22-10-2018 ന് ക്രൂസിന് തിരികെ നൽകുകയും ആയത് ക്രൂസ് കൈപ്പറ്റുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 810 ലാമ്പുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുകയും എല്ലാ ലാമ്പുകളും കരാറുകാരന് നൽകുകയും ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തനക്ഷമമല്ലാതെ തിരികെ ഏൽപ്പിച്ച 167 ലാമ്പുകൾക്ക് പകരം ലാമ്പുകൾ ലഭ്യമായതിനും രേഖകളില്ല.

സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം കേടുപാടുകൾ ഉള്ള സാമഗ്രികൾ സ്റ്റോക്കിലെടുക്കാതെ തിരികെ നൽകേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

3. ലാമ്പ് ഒന്നിന് നികുതികൾ ഉൾപ്പെടെ 2982 രൂപയാണ് നിരക്ക് കണക്കാക്കിയിട്ടുള്ളത്. 24 ലക്ഷത്തിൽ അധികം അടങ്കൽ തുകയുള്ള പ്രൊജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനു മുമ്പായി മാർക്കറ്റ് നിരക്ക് വിലയിരുത്തി ഗ്രാമജ്യോതിയുടെ നിരക്ക് യുക്തിഭദ്രമാണെന്ന് ഉറപ്പാക്കിയിട്ടില്ല. സ.ഉ(സാധാ)നം.2238/2016/തസ്വഭവ തിയതി 25-7-2016 പ്രകാരം തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ടെണ്ടറിലൂടെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സാധ്യത പരിശോധിച്ചതായും കാണുന്നില്ല.

4. ലാമ്പുകൾക്ക് 24 മാസത്തെ വാറണ്ടിയുള്ളതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ കാലയവിൽ കേടുപാടുകൾ സംഭവിക്കുന്ന ലാമ്പുകൾ ഗ്രാമജ്യോതിയുടെ ഉത്തരവാദിത്തത്തിൽ തന്നെ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 4/26-8-19 പ്രകാരവും 30-8-19 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗ്രാമജ്യോതിയിൽ നിന്നും വാങ്ങിയ പല ലാമ്പുകളും നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് വൈസ് പ്രസിഡണ്ട് അറിയിച്ചു. തുടർന്നുള്ള വാങ്ങലുകളിൽ അപാകത ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിനു മുമ്പ് പരിശോധിച്ച് അപാകത ഇല്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
3. തിരികെ നൽകിയ 167 ലാമ്പുകൾക്ക് പകരം ലാമ്പുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 167 ലാമ്പുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും ആയവ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതുവരെ 167 ലാമ്പുകളുടെ വിലയായ 497994 രൂപ (167x2982) തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

4. ആവശ്യകത വിലയിരുത്തി മാത്രം ലാമ്പുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
5. തെരുവു വിളക്കുകളുടെ കൃത്യമായി കണക്ക് രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
6. വാറണ്ടി കാലയളവിനുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന ലാമ്പുകൾ ഗ്രാമജ്യോതിയുടെ ഉത്തരവാദിത്തത്തിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി കാലയളവിനുള്ളിൽ ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
7. കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GeM (Government e Marketplace) ഗ്രാമപഞ്ചായത്തിന് ആവശ്യമായ തെരുവു വിളക്കുകൾ ഉണ്ടെങ്കിൽ നിർബന്ധമായും GeM മുഖേന തുടർന്നുള്ള വാങ്ങലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ടെണ്ടർ ഫോറങ്ങളുടെ വില ഒടുക്കിയതിൽ കുറവ്-നഷ്ടം ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ രസീതി ബുക്ക് നം.6430966 ലെ 1 മുതൽ 25 വരെയുള്ള ലീഫുകൾ ഉപയോഗിച്ച് ടെണ്ടർ ഫോറങ്ങൾ വിറ്റ വകയിൽ ആകെ 56,000/- രൂപ വരവുണ്ട്. എന്നാൽ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് രസീത് നമ്പർ 6430966/8-10-2018 പ്രകാരം 55,000/-രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. 1000 രൂപ കുറവ് ആയാണ് ഒടുക്കിയിട്ടുള്ളത്. (വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

# 1-21 വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കൽ-ടെണ്ടർ നടപടികൾ പാലിച്ചില്ല-പഞ്ചായത്തിന് നഷ്ടം

വിവിധ വാർഡുകളിൽ പുതിയ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കൽ (182/18, 149/19) എന്ന പ്രവർത്തിയുടെ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകളിന്മേൽ കൃത്യമായ തീരുമാനം എടുക്കാത്തതിനാൽ പഞ്ചായത്തിന് വ്യക്തമായ നഷ്ടം ഉണ്ടായതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 29-01-2018ന് നടന്ന ടെൻഡറിൽ മൂന്ന് വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു.

അടങ്കൽ - 450000 രൂപ (വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

1. ശ്രീ.സുരേഷ് - 6.5% കുറവ്

2. ശ്രീ. വിനോദ് - 9.9% കുറവ്

3. ശ്രീ.പരമേശ്വരൻ - 6.2% കുറവ്

ടെണ്ടർ രജിസ്റ്ററിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നു എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കിയിട്ടില്ല. ഭരണസമിതിയുടെ 6-2-2018 തിയതിയിലെ 8(8) തീരുമാനത്തിൽ വിനോദ്, പരമേശ്വരൻ എന്നിവരുടെ ടെണ്ടർ പരിശോധിച്ചതിൽ പ്രെലിമിനറി എഗ്രിമെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാലാണ് റീടെണ്ടർ ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

20-2-2018 ന് നടന്ന പുനർ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. ശ്രീ.ശിവൻ - 10% അധികം

2. ശ്രീ. വിനോദ് - എസ്റ്റിമേറ്റ് നിരക്ക്

റീടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.വിനോദ് എന്നയാൾക്ക് ടെണ്ടർ ഉറപ്പിച്ചു നൽകുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തു.

കരാർ നം. 37/AE/Lsgd/VKPY/17-18 /9-3-18 (Amount.Rs.450000/-)

<u>പ്രവൃത്തിയുടെ വിവരം</u>

അളവുപുസ്തകം. 146/18

പ്രവൃത്തി മൂല്യം -449623

(-)പാർട്ട് ബിൽ - 326375 (31-3-2018)

(-) നികുതികൾ (2%) - 2464

ബാക്കി - 120784
ബിൽ നം. 9/2018-19 തീയ്യതി. 13-07-2018 (2nd&part bill)

<u>പഞ്ചായത്തിനുണ്ടായ നഷ്ടം</u>

പ്രിലിമിനറി എഗ്രിമെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാലാണ് റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചത്. തൻവർഷം ടെണ്ടർ ചെയ്ത ഭൂരിഭാഗം ടെണ്ടറുകളോടൊപ്പവും സമർപ്പിക്കപ്പെട്ട പ്രെലിമിനറി എഗ്രിമെന്റുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതിരുന്നിട്ടും ആയവ നിരസിക്കാതെ സ്വീകരിച്ചിട്ടുള്ളതായി ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തി.

പുനർ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ഇതേ ആൾ ആദ്യ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന തുക എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.9% കുറവായിരുന്നു. 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം റീടെണ്ടറിൽ ലഭിച്ച നിരക്ക് കുറവു

ചെയ്യുന്നതിനായി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ റീടെണ്ടറിൽ നെഗോഷ്യേഷൻ നടത്താതെ പ്രവൃത്തി ഏൽപ്പിച്ചതിനാൽ പഞ്ചായത്തിന് 44,513.00 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്)

# 1-22 ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികളിൽ ബിനാമികളെ ഒഴിവാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകൾ പരിശോധിച്ചതിൽ രണ്ടു റോഡ് പ്രവൃത്തികൾ കൺവീനർമാർ മുഖേനയാണ് നിർവ്വഹണം നടത്തുവാൻ ലക്ഷ്യമിട്ടതെന്ന് ബോധ്യപ്പെട്ടു. പ്രവർത്തി എറ്റെടുത്ത കൺവീനർമാർ ടി പ്രവർത്തികൾ ക്വട്ടേഷൻ വിളിച്ച് മറ്റൊരാൾ മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത് എന്ന് വിശദമായ പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. ആയത് ക്രമപ്രകാരമല്ല. 1997ലെ കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13(5) പ്രകാരം ബിനാമി ഇടപാട് പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചീഫ് എഞ്ചിനിയറുടെ 13.11.2014ലെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സിഇ/തസ്വഭവ ഗുണഭോക്തൃ പ്രവൃത്തികളിലെ ബിനാമി ഇടപാടുകൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവർത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ

<u>1. കുട്ടിവീട്ടുകളം റോഡ് മെറ്റലിംഗ്&റീടാറിംഗ് (09/17)</u>

അടങ്കൽ- 263000/-

കൺവീനർ – ശ്രീ.ആന്റണി മുത്തു

കരാറുകാരൻ – ശ്രീ-ആനന്ദരാജ്

അളവു പുസ്തകം – 158/18

എഗ്രിമെന്റ് നം.52/AE/LSGD/VKPY/16-17/30.03.2017

ബിൽനം.32/18-19 തുക.133667/-രൂപ തീയ്യതി.30.11.2018

തിയതി രേഖപ്പെടുത്താത്ത 3 ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഗുണഭോക്തൃ സമിതിയുടെ തിയതി രേഖപ്പെടുത്താത്ത തീരുമാനം അനുസരിച്ചാണ് ശ്രീ.ആനന്ദ് രാജ് എന്നയാൾക്ക് കരാർ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. (203000 രൂപ).

<u>2. അനുപ്പൂർ ലാലാപുളർ റോഡ് ടാറിംഗ് (158/19)</u>

അടങ്കൽ- 432000/-

കൺവീനർ – ശ്രീ.ഷൺമുഖാനന്ദൻ

കരാറുകാരൻ : ശ്രീ. ആർ.രവി

എഗ്രിമെന്റ് നം.53/AE/LSGD/VKPY/16-17/30.03.2017

ബിൽനം.38/18-19 തുക.256311/-രൂപ തീയ്യതി.30.11.2018

തിയതി രേഖപ്പെടുത്താത്ത 3 ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

20-3-2018 ലെ ഗുണഭോക്തൃ സമിതി തീരുമാന പ്രകാരം ക്വട്ടേഷൻ (280000) അംഗീകരിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/29-8-2019 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നിർവ്വഹണ

ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ഉചിതമായ ഇടപെടൽ നടത്തി വിഷയം ഭരണ സമിതിയുടേയോ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.
കൺവീനർ പ്രവൃത്തികളിൽ ചട്ടങ്ങളുടേയും ഉത്തരവുകളുടേയും ലംഘനം ഇല്ലാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-23 പി.എം.എ.വൈ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്റ്റ് -14/19-പി.എം.എ.വൈ-ജനറൽ (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 1600000/-രൂപ (ട്രഷറി ബിൽ നം.2/4.8.18) ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ (അക്കൗണ്ട് നം.740414000011) പേരിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 വി.ഇ.ഒ യുടെ പേരിലുള്ള ഇ.എം.എസ് ഭവന പദ്ധതിക്കായുള്ള അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

ഇ.എം.എസ് ഭവന പദ്ധതിക്കായി ജില്ലാ സഹകരണ ബാങ്ക് മേനോൻപാറ ശാഖയിലുള്ള ബാങ്ക് അക്കൗണ്ട് നം.01002020000027 നാളിതുവരെ അവസാനിപ്പിച്ചിട്ടില്ല. പദ്ധതി നിലിവിലില്ലാത്ത സാഹചര്യത്തിൽ അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്. നിലവിൽ 7441രൂപ അക്കൗണ്ടിൽ ബാക്കിയുണ്ട്. തുക തിരിച്ചടവാക്കി അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടത്തിപ്പ് - അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ,

ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ് )നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 11 ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2081-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 323 ഉം എസ്.സി വിഭാഗത്തിൽ 3 ഉം എസ്.ടി വിഭാഗത്തിൽ ഒരാളുമാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 295 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച് 3 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (51/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---:|---:|
| പ്ലാൻ ഫണ്ട് | 5600000 | 5600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2040000 | 2040000 |
| ജില്ലാ പഞ്ചായത്ത് | 2628214 | 2600000 |
| മറ്റിനം(വായ്പ്പ) | 140000000 | 43600000 |
| ആകെ | 150268214 | 53840000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---:|---:|
| I | 288 | 40000 | 11520000 |
| II | 248 | 160000 | 39680000 |
| III | 44 | 60000 | 2640000 |
| ആകെ | | | 53840000 |

ജനറൽ വിഭാഗത്തിലെ 288 പേരിൽ ആരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 53/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1810000 | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 660000 | 0 |
| ജില്ലാ പഞ്ചായത്ത് | 524598 | 0 |
| ആകെ | 2984598 | 900000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 3 | 40000 | 120000 |
| II | 3 | 160000 | 480000 |
| III | 2 | 100000 | 200000 |
| IV | 1 | 100000 | 100000 |
| ആകെ | | | 900000 |

ആകെയുള്ള 3 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മാത്രമാണ് മുഴവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

c) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 54/19)-ടി.എസ്.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(ടി.എസ്.പി) | 391000 | 300000 |
| ജില്ലാ പഞ്ചായത്ത് | 245340 | 0 |
| ആകെ | 636340 | 300000 |

ആകെ ഒരു ഗുണഭോക്താവാണ് ഉള്ളത് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അവസാന ഗഡുവായ 100000/- രൂപ കൈപ്പറ്റാനുണ്ട് .

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 44694509 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ ഒഴലപ്പതി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ 43600000 രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 1094509 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

14/29-8-19 ലെ ഓഡിറ്റ് അന്വേഷണം മുഖേനയും 30-8-2019 ലെ എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വൈസ് പ്രസിഡണ്ട് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ഒ.ഡി.എഫ് - ക്രിട്ടിക്കൽ പഞ്ചായത്തുകൾക്കുള്ള വിഹിതം - വിനിയോഗം ക്രമപ്രകാരമല്ല

2016-17 വർഷത്തിൽ ഒ.ഡി.എഫ് ക്രിട്ടിക്കൽ പഞ്ചായത്ത് ആയി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതം 2990000 രൂപ വടകരപ്പതി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വി.ഇ.ഒ യുടെ പേരിലുള്ള കനറാ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 0835101014750) തുക നിക്ഷേപിക്കുകയും ഇപ്പോഴും ചെലവഴിച്ചു വരികയും ചെയ്യുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. തുകയുടെ നിക്ഷേപം, ചെലവഴിക്കൽ രീതി എന്നീ നടപടിക്രമങ്ങൾ സ.ഉ(സാധാ) നം.2701/16/ തസ്വഭവ തിയതി 19-9-2016 ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഒരാൾക്ക് 3600 രൂപ വീതം 825 പേർക്ക് വിഹിതം നൽകുവാനാണ് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നത്. നാളിതുവരെ 635 പേർക്കാണ് വിഹിതം നൽകിയിട്ടുണ്ട്. 190 പേർക്ക് 3600 രൂപ വീതം വിഹിതം നൽകുവാൻ അവശേഷിക്കുന്നുണ്ട്.

സ.ഉ(സാധാ)നം.2701/16/തസ്വഭവ തിയതി 19-9-2016 പ്രകാരം ബോക്ക് പഞ്ചായത്ത് ആണ് പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിനാണ് ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. ആയത് പാലിക്കാതെ തുക പൂർണ്ണമായും 2-12-2016 ലെ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സി-1034/16 നം. കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് കൈമാറുകയാണുണ്ടായത്. തുകയുടെ വിനിയോഗ വിവരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായും കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കേണ്ടിയിരുന്ന പദ്ധതി ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചത് ക്രമപ്രകാരമല്ല.

വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയാണ് തുക ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ആയത് ക്രമക്കേടുകൾക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നുണ്ട്.

നാളിതുവരെയും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല. ആവശ്യമായ ഫണ്ട് മുൻകൂറായി ലഭ്യമായിട്ടും വർഷങ്ങളോളം തുക വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. 31-7-2019 ന് അക്കൗണ്ടിൽ 910577 രൂപ നീക്കിയിരിപ്പായുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 10/27-8-19 നുള്ള മറുപടിയിൽ തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

വി.ഇ.ഒ യുടെ അക്കൗണ്ടിൽ ബാക്കിയുള്ള തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുക കൈമാറുന്ന മുറയ്ക്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയുള്ള ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

സമയബന്ധിതമായി ചെലവഴിക്കേണ്ട തുകകൾ വർഷങ്ങളോളം നിർവ്വഹണ ഉദ്യോഗസ്ഥന്റ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാർഷിക പദ്ധതിക്കു പുറത്തുള്ള ഇത്തരം ചെലവുകൾ നിരീക്ഷിച്ച് നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കും എന്ന് വിലയിരുത്തുന്നു.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 കറവ പശു വാങ്ങൽ-പർച്ചേയ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല

<u>പ്രോജക്റ്റ് – കറവ പശു വാങ്ങൽ(30/18)</u>

അടങ്കൽ - പ്ലാൻ ഫണ്ട് ജനറൽ - 2950000

ഗുണഭോക്തൃ വിഹിതം - 2950000
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

ചെലവ് - 1800000 (പ്ലാൻ ഫണ്ട്)

1825000 (ഗുണഭോക്തൃ വിഹിതം)

പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 25000/- നിരക്കിൽ 72 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

<u>1. പർച്ചേയ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല</u>

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരം പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം. വാങ്ങൽ നടത്തിയിട്ടുള്ളത് പർച്ചേയ്സ് കമ്മിറ്റി മുഖേനയാണ് എന്നതിന് രേഖകൾ ഇല്ല.

പശുവിന്റെ ഗുണനിലവാരം ഉറപ്പുവരുത്തികൊണ്ട് നിശ്ചിത തുകയ്ക്ക് ഗുണഭോക്താവിന് പശുവിനെ ലഭ്യമാക്കിയിരിക്കുന്നു (വിൽക്കുന്നയാളിന്റെ വിവരങ്ങൾ വേണം) എന്ന് ഉറപ്പ് വരുത്തികൊണ്ട് ഒരോ പശുവിനെ വാങ്ങുന്നതിലും പർച്ചേയ്സ് കമ്മിറ്റി റിപ്പോർട്ട് പ്രത്യേകം വേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം 15/29-8-19 നുള്ള മറുപടിയിൽ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
മൃഗസംരക്ഷണ മേഖലയിലെ വാങ്ങലുകളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 തെരുവ് നായകളുടെ നിയന്ത്രണം - പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല

പ്രോജക്റ്റ് – തെരുവ് നായകളുടെ നിയന്ത്രണം(33/19)

അടങ്കൽ - 350000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

ചെലവ് - 350000/- (ട്രഷറി ബിൽ നം.(1/10.8.018)

പദ്ധതി പ്രകാരം 350000/- രൂപ പാലക്കാട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (നം.79901140000 2200) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-29 പദ്ധതി നിർവ്വഹണം വൈകിയതിനാൽ സർക്കാർ സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങൽ നടപ്പായില്ല

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട സർക്കാർ സ്കൂളിലേക്ക് ഫർണീച്ചർ (41/19) എന്ന പ്രോജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 350000 രൂപ വകയിരുത്തിയിരുന്നു. 27-3-2018 ന് 348566 രൂപയുടെ 4 ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ട്രഷറിയിൽ നിന്നും തുക മാറ്റി നൽകാതിരുന്നതിനാൽ എല്ലാ ബില്ലുകളും ക്യൂ ബില്ലുകളായി.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ പഞ്ചായത്തിന്റെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുകയും പ്രോജക്റ്റിന് 19-5-2018 ന് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകുകയും ചെയ്തിരുന്നുവെങ്കിലും പദ്ധതി നിർവ്വഹണം വൈകിയതിനാലാണ് ബില്ലുകൾ മാറാതിരുന്നത്. ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതും വകയിരുത്തുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്.
എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന 3 പ്രോജക്റ്റുകളിൽ ഒരെണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മിറ്റികളും പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കിയാൽ ഇത്തരം സാഹചര്യം ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 11/29-8-19 മുഖേനയും 30-8-2019 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വൈസ് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന വിഹിതം ടി.ആർ 7എ കാഷ് ബുക്കിൽ ചേർക്കുന്നതിൽ വീഴ്ച വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടു. അപാകത പരിഹരിക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നതിൽ കാലതാമസം

പ്രൊജക്ട് – 25/19- ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകൽ

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 2860371 (വികസന ഫണ്ട്-2000000+ബ്ലോക്ക് വിഹിതം-360371+ജില്ലാപഞ്ചായത്ത്- 500000)

വികസന ഫണ്ടിൽ നിന്നുള്ള ചെലവ് -143237 (ബിൽ നം. 1/22.3.19- (71037 +ബിൽ നം. 3/26.3.19 - 72200)

ബ്ലോക്ക് വിഹിതത്തിൽ നിന്നും 357143 രൂപയും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 500000 രൂപയും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. വികസന ഫണ്ട് ചെലവഴിക്കുന്നതിൽ കാലതാമസം

പ്ലാൻ ഫണ്ടിൽ നിന്നും 2000000/- രൂപ നീക്കി വെച്ചതിൽ 143237/- രൂപ മാത്രമാണ് തൻ വർഷത്തെ ചെലവ്. ബാക്കി തുക മാറുന്നതിനുള്ള ബില്ലുകൾ 28-3-2019 ന് മാത്രം ട്രഷറിയിൽ സമർപ്പിച്ചതിനാൽ ആയത് മാറ്റാൻ സാധിക്കാതെ വരികയും ക്യൂ ബില്ലുകൾ ആയി മാറുകയും ചെയ്തു. ആയതിനാൽ തൻവർഷം വികസനഫണ്ടിൽ നിന്നും 7% മാത്രമാണ് ചെലവു വന്നിട്ടുള്ളത്.

1729036/- രൂപ ക്യൂബിൽ ആയി മാറുകയും അടുത്ത സാമ്പത്തിക വർഷം മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

2. സംയുക്ത സംരംഭത്തിനായി ലഭിക്കുന്ന തുക ചെലവഴിക്കുന്നതിൽ കാലതാമസം

ഡയറി ഫാം ഇൻസ്ട്രക്ടറുടെ പേരിലുള്ള ടിഎസ്ബി അക്കൗണ്ടിലേക്ക് 10.4.2019 ന് മാറ്റിയ ജില്ലാപഞ്ചായത്ത് വിഹിതം 500000/- രൂപ 25.8.2019 നാണ് ചെലവഴിച്ചിരിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 357143/- രൂപ 12.4.2018 ന് ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും 28.5.19 നാണ് ചെലവഴിച്ചിരിക്കുന്നത്.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ അടുത്ത സാമ്പത്തിക വർഷമാണ് നൽകിയിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്കുള്ള മാർഗ്ഗനിർദ്ദേശം ജി.ഒ(പി)നം. 7/2017/ ഫിൻ തിയതി 23-1-2017 ലെ നിബന്ധനകൾ ഇക്കാര്യത്തിൽ പാലിച്ചിട്ടില്ല.
ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നത് അതാത് സാമ്പത്തിക വർഷം നൽകാതെ അടുത്ത സാമ്പത്തിക വർഷത്തേക്ക് തുടരുന്നത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

ക്ഷീരസംഘങ്ങളിൽ പാലൊഴിച്ചതിന്റെ അളവ് (ഏതെല്ലാം മാസങ്ങളിൽ എത്ര അളവിൽ പാൽ നൽകി) രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ക്ഷീരസംഘത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി അർഹമായ ഗുണഭോക്താക്കൾക്ക് അതാത് വർഷം തന്നെ ഇൻസെന്റീവ് നൽക്കേണ്ടതാണ്.

പശു വളർത്തൽ ഉപജീവനമാക്കിയവർ കൂടുതലുള്ള ഗ്രാമപഞ്ചായത്തിൽ ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നത് ഒരു സാമ്പത്തിക വർഷം അർഹമായ തുക അനുവദിക്കുവാൻ പര്യപ്തമായ രീതിയിൽ ഫണ്ട് വകയിരുത്താൻ ശ്രമിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ നടപ്പിലാക്കിയ പദ്ധതിയുടെ അടങ്കൽ തുക തൻവർഷം തന്നെ ചെലവഴിക്കാത്തത് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 9/27-8-2019 ന് വ്യക്തമായ മറുപടി ലഭ്യമായില്ല.

# 1-31 പി.എച്ച്.സി ക്ക് ഉപകരണങ്ങൾ വാങ്ങിയതിൽ അപാകത

പി.എച്ച്.സി ക്ക് ആവശ്യമായ ഉപകരണങ്ങൾ സിഡികോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിനു മുമ്പായി ഉപകരണങ്ങൾ സിഡ്കോയിൽ നിർമ്മിക്കുവയാണെന്നോ റേറ്റ് കോൺട്രാക്റ്റ് ഉത്തരവിൽ ഉൾപ്പെടുന്നവയാണോ എന്ന് വിലിയിരുത്തിയിട്ടില്ല. വശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ്- പി.എച്ച്. സി. യിലേയ്ക്ക് മെഡിക്കൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ (35/19)

അടങ്കൽ - 400000 (MG-NR)

ചെലവ് - 380200

ട്രഷറി ബിൽ - 10/17.10.18 – 26105, 17/26.11.19- 300000, 26/25.2.19- 54095

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീർ, പി,എച്ച്,സി

ലാബ് ഉപകരണങ്ങൾ റേറ്റ് കോൺട്രാക്കുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതാണെന്നാണ് പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ SIDCOക്ക് റേറ്റ് കോൺട്രാക്റ്റ് ഇല്ലാത്ത HEAMATOLOGY ANALYZER – Model BC 3000 plus (Agappe) എന്ന ഉപകരണം 300000/- രൂപയ്ക്ക് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.ORL/2018-19-147/13.11.2018)

സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്റ്റ് ഉള്ള ഇനങ്ങൾ G.O(Rt)No.33/2017/SPD/17.6.2107 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഉൾപ്പെടാത്തതും സിഡ്കോ നിർമ്മിക്കാത്തതുമായ ഉപകരണം ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.17/27-8-2019 നുള്ള മറുപടിയിൽ തുടർന്നുള്ള വാങ്ങലുകൾ കൃത്യമായി നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. തുടർന്നുള്ള വാങ്ങലുകൾ സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
2. കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government e Marketplace(GeM) ൽ ലഭ്യമായ സ്റ്റോറുകൾ GeM മുഖേന വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-32 പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ വാങ്ങിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പഞ്ചായത്ത് ഓഫീസിലെ പഴയ ഇൻവർട്ടർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് 151040 രൂപ ചെലവഴിച്ചിട്ടുണ്ട്. വാങ്ങലിനു മുമ്പായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ പ്രാഥമിക നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
പ്രോ.നം. 34/19 – പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000 (വികസന ഫണ്ട് - ജനറൽ)

നിലവിലുണ്ടായിരുന്ന 5 KVA യു.പി.എസ്യു.പി.എസ് 16400 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് (ചെ.നം. 60894/31-5-2018) ലക്ഷ്മി കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷമാണ് പുതിയത് വാങ്ങിയിട്ടുള്ളത്. പുതിയത് വാങ്ങുന്നതിനുള്ള സാഹചര്യം വിശദീകരിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന സാങ്കേതിക വിദഗ്ദൻ പരിശോധിച്ച് ഉപയോഗക്ഷമമല്ല എന്ന് വിലയിരുത്തിയതിനും രേഖകളില്ല.

5 KVA യുടെ 150 AM/12 V ട്യൂബുലാർ ബാറ്ററി 10 എണ്ണം, 3 വർഷം ഓൺസൈറ്റ് വാറണ്ടി എന്നീ സ്പെസിഫിക്കേഷനിലുള്ള ഒരു ഓൺലൈൻ യു.പി.എസ് തൻവർഷം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് IGA Tech Industrial Electronics(P) ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 151040 രൂപയ്ക്കാണ് ഇൻവർട്ടർ വാങ്ങിയിട്ടുള്ളത്. ബിൽ നം. 10/18-8-2018.

പഴയ യു.പി.എസ് (Sl.N0.14J0N010) ബോർഡ് തകരാർ കാരണം പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ടെക്ക്നിക്കൽ അസിസ്റ്റന്റ് സൂക്ഷിക്കുന്ന AMC രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് നം. 91).

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/29-8-19 നുള്ള മറുപടിയിൽ പഴയ യു.പി.എസ് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. ഉപകരണങ്ങൾ വാങ്ങുന്നതിനു മുമ്പായി ആവശ്യകത വിലയിരുത്തേണ്ടതും ആവശ്യമായ പരിശോധനകൾ നടത്തി സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.
2. പഴയ യു.പി.എസ് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും പരിശോധനാ റിപ്പോർട്ടിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും തുടർന്ന് വാങ്ങുമ്പോൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലിൽ നിന്നും (Kerala e Governance IT Procurement Portal) വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. വെബ് സൈറ്റ് വിലാസം – cprcs.kerala.gov.in.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

# 2-1 ടെണ്ടർ ഫോറങ്ങളുടെ വില ഒടുക്കിയതിൽ കുറവ്-നഷ്ടം

# ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ 8-10-2018ന് നടത്തിയ ടെൻഡറിൽ രസീതി ബുക്ക് നം.6430966 ലെ 1 മുതൽ 25 വരെയുള്ള ലീഫുകൾ ഉപയോഗിച്ച് ടെണ്ടർ ഫോറങ്ങൾ വിറ്റ വകയിൽ ആകെ 56,000/-രൂപ വരവുണ്ട്. എന്നാൽ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് രസീത് നമ്പർ 6430966/8-10-2018 പ്രകാരം 55,000/-രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. കുറവ് വന്ന 1000 രൂപ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/27-8-2019 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഒടുക്കുന്നതാണെന്ന് അധികൃതർ നേരിട്ട് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കൽ-ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത-പഞ്ചായത്തിന് നഷ്ടം

വടകരപ്പതി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതിയ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കൽ (182/18, 149/19) എന്ന പ്രവർത്തിയുടെ വാട്ടർ കിയോസ്ക്ക് സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകളിന്മേൽ കൃത്യമായ തീരുമാനം എടുക്കാത്തതിനാൽ പഞ്ചായത്തിന് വ്യക്തമായ നഷ്ടം ഉണ്ടായതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 29-01-2018ന് നടന്ന ടെൻഡറിൽ മൂന്ന് വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു.

അടങ്കൽ - 450000 രൂപ (വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

1. ശ്രീ.സുരേഷ് - 6.5% കുറവ്

2. ശ്രീ. വിനോദ് - 9.9% കുറവ്

3. ശ്രീ.പരമേശ്വരൻ - 6.2% കുറവ്

ടെണ്ടർ രജിസ്റ്ററിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നു എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കിയിട്ടില്ല. ഭരണസമിതിയുടെ 6-2-2018 തിയതിയിലെ 8(8) തീരുമാനത്തിൽ വിനോദ്, പരമേശ്വരൻ എന്നിവരുടെ ടെണ്ടർ പരിശോധിച്ചതിൽ പ്രെലിമിനറി എഗ്രിമെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാലാണ് റീടെണ്ടർ ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

20-2-2018 ന് നടന്ന പുനർ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. ശ്രീ.ശിവൻ - 10% അധികം

2. ശ്രീ. വിനോദ് - എസ്റ്റിമേറ്റ് നിരക്ക്

റീടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.വിനോദ് എന്നയാൾക്ക് ടെണ്ടർ ഉറപ്പിച്ചു നൽകുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തു.

കരാർ നം. 37/AE/Lsgd/VKPY/17-18 /9-3-18 (Amount.Rs.450000/-)

<u>പ്രവൃത്തിയുടെ വിവരം</u>

അളവുപുസ്തകം. 146/18

പ്രവൃത്തി മൂല്യം -449623

(-)പാർട്ട് ബിൽ - 326375 (31-3-2018)

(-) നികുതികൾ (2%) - 2464

ബാക്കി - 120784
ബിൽ നം. 9/2018-19 തീയ്യതി. 13-07-2018 (2nd&part bill)

<u>പഞ്ചായത്തിനുണ്ടായ നഷ്ടം</u>

പ്രിലിമിനറി എഗ്രിമെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാലാണ് റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചത്. തൻവർഷം ടെണ്ടർ ചെയ്ത ഭൂരിഭാഗം ടെണ്ടറുകളോടൊപ്പവും സമർപ്പിക്കപ്പെട്ട പ്രെലിമിനറി എഗ്രിമെന്റുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതിരുന്നിട്ടും ആയവ നിരസിക്കാതെ സ്വീകരിച്ചിട്ടുള്ളതായി ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തി.

പുനർ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. ഇതേ കരാറുകാരൻ ആദ്യ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന തുക എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.9% കുറവായിരുന്നു. 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം റീടെണ്ടറിൽ ലഭിച്ച നിരക്ക് കുറവു ചെയ്യുന്നതിനായി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി പഞ്ചായത്തിന്റെ

അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ റീടെണ്ടറിൽ നെഗോഷ്യേഷൻ നടത്താതെ പ്രവൃത്തി ഏൽപ്പിച്ചതിനാൽ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

വ്യക്തമായ നഷ്ടം - പ്രവൃത്തി മൂല്യമായ 449623 രൂപയുടെ 9.9% = 44513 രൂപ

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 3/27-8-2019 നുള്ള മറുപടിയിൽ പഞ്ചായത്ത് തീരുമാന പ്രകാരമാണ് റീടെണ്ടർ ചെയ്തതെന്ന് മാത്രമാണ് വിശദീകരിച്ചിട്ടുള്ളത്. മറ്റ് ടെണ്ടറുകളിൽ പ്രിലിമിനറി എഗ്രിമെന്റ് അപൂർണ്ണമായിട്ടും ആയവ സ്വീകരിച്ചതിനും റീടെണ്ടറിൽ നെഗോഷ്യേഷൻ നടത്താതിരുന്നതിനും കാരണം വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് തീരുമാനത്തിനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ എതിരഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 28.06.2019 മുതൽ 29.06.2019 വരെ | നം.കെ.എസ്.എ-പികെഡി-21/997/l2019(81) തിയതി 26-8-2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 357143 | പാലിന് സബ്സിഡി | 357143 | 0 |
| | | 377780 | ഉഴവു കൂലി | 377780 | 0 |

| | | | | | |
|---|---|---|---|---|---|
| | | 650000 | ലൈഫ് മിഷൻ-പട്ടികജാതി വിഭാഗം | 0 | 650000 |
| | | 2040000 | ലൈഫ് മിഷൻ-ജനറൽ | 2040000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2628214 | ലൈഫ് മിഷൻ-ജനറൽ | 2600000 | 28214 |
| | | 670005 | ലൈഫ് മിഷൻ-പട്ടികജാതി വിഭാഗം | 0 | 670005 |
| | | 245340 | ലൈഫ് മിഷൻ-പട്ടികവർഗ്ഗ വിഭാഗം | 0 | 245340 |
| | | 380685 | ഉഴവു കൂലി | 380685 | 0 |
| | | 500000 | പാലിന് സബ്സിഡി | 500000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ജല അതോറിറ്റി | 19/19-വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 15/ 12-11-18 | 4278000 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല. | |
| | 20/19-വിവിധ എസ്.ടി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 16/ 21-11-18 | 180000 | | |
| | 21/19-വിവിധ എസ്.സി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 30/19-3-19 | 283000 | | |
| കെ.എസ്.ഇ.ബി | 17/19-വിവിധ സ്ഥലങ്ങളിൽ ലൈൻ നീട്ടൽ | 14/31-10-18 | 1168790 | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ (എം.എസ്) നം. 207/09 തിയതി 7-11-2009 | 18760500 | 1132350 | 1132350* | 0 | 0 |
| ലൈഫ് മിഷൻ ഭവന പദ്ധതി | ഹഡ്കോ വായ്പ | 44694509 | 44694509 | 0 | 0 | 44694509 |

* 845038 രൂപ സെക്രട്ടറിയും വി.ഇ.ഒ യുടെ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന 287212 രൂപ ലോൺ അക്കൗണ്ടിലേക്ക് നേരിട്ട് വി.ഇ.ഒ യും അടവാക്കിയിട്ടുണ്ട്.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 280958 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-3 | 12668 | വിവിധ | 19837/54 മുതൽ 61 |

| | | | | |
|---|---|---|---|---|
| | | | വ്യക്തികൾ | വരെ<br>തിയതി 31-3-2019 |
| 2017-18 | 2-4 | 268290 | റിലയൻസ് ഇൻഫ്രാ ടെൽ | 118020400003/30-3-2019, 118020400004/30-3-2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2009-10 | 3.7.4.1 | റഗുലേറ്റഡ് മാർക്കറ്റ്-പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

(എ)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 133650178 |
| [illegible] | [illegible] |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126162248 |
| വരവിനങ്ങളിലുള്ള നഷ്ടം | 1000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44513 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 497994 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1000 | - | ശ്രീ.രവി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | - | 44513 | ശ്രീമതി.ദീപ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 497994 | ശ്രീ.കെ.സന്തോഷ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1. ഖ.നം. 1-11: അഹല്യ ഗ്രൂപ്പിന്റെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്
2. ഖ.നം. 1-14: അഹല്യ ഫൗണ്ടേഷന കീഴിലുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രവി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | അരവിന്ദ് നിവാസ്, H.No.23/114(3) പരുത്തിക്കാവ്, തത്തമംഗലം (പി.ഒ),പാലക്കാട് – 678102 |
| ശ്രീമതി.ദീപ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട. | കോട്ടൂർ വീട്, വെട്ടിക്കവല(പി.ഒ) കൊട്ടാരക്കര (വഴി) കൊല്ലം-691538 |
| ശ്രീ.കെ.സന്തോഷ്, സെക്രട്ടറി | (സസ്പെൻഷനിൽ) | അമ്പാട്ട്, പുതുപെരിയാരം (പി.ഒ)തൊടുപുഴ, ഇടുക്കി ജില്ല-685608 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/676/98/ 19.3.1999 | 10 |
| 1997-98 | എൽ.എഫ്.പി8/921/98/21.11.2005 | 27 |
| 1998-99 | എൽ.എഫ്.പി12/839/2001/5.9.2001 | 9 |
| 1999-00 | എൽ.എഫ്.പി12/533/2001/21.2.2009 | 9 |
| 2000-01 (പദ്ധതി ഒഴികെ) | എൽ.എഫ്.പി11.544/2010/20.9.2010 | 0 |
| 2001-02 (പദ്ധതി ഒഴികെ) | എൽ.എഫ്.പി11/544/2010/4.4.12 | 2 |
| 2000-01 & 2001-02 (പദ്ധതി) | എൽ.എഫ്.പി11/475/2009/6.6.2009 | 5 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2002-03 (വരവ്) | എൽ.എഫ്.പി11/544/2010/20.9.10 | 0 |
| 2002-03 (ചെലവ്) | എൽ.എഫ്.പി11/450/2007/5.4.2008 | |
| 2003-04 (വരവ്) | എൽ.എഫ്.പി11/544/2010/20.9.2010 | 0 |
| 2003-04 (ചെലവ്) | എൽ.എഫ്.പി11/451/2007/5.4.2008 | 7 |
| 2004-05 (വരവ്) | എൽ.എഫ്.പി.11/544/2010(3)/20.9.2010 | 1 |
| 2004-05 (ചെലവ്) | എൽ.എഫ്.പി.11/452/2007/5.4.2008 | 11 |
| 2005-06 | എൽ.എഫ്.പി.11/978/11/16.6.2012 | 6 |
| 2006-07 | എൽ.എഫ്.പി.11/1007/ 12(2)/10.3.2014 | 7 |
| 2007-08 | എൽ.എഫ്.പി11/977/2012/6.6.12 | 9 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി11/2186/2012/10.3.14 | 16 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1865/17/18.1.18 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.11/ 539/2018/21.3.18 | 17 |
| 2013-14 to 2014-15 | കെ.എസ്.എ.പി.കെ.ഡി.11/ 1273/2018/30.8.2018 | 26 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11/ 961/2018/7.6.18 | 10 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.11/ 960/18/7.6.18 | 21 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.11/ 2391/18/5.2.19 | 22 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

# **അനുബന്ധം -1**

# <u>സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി-21/997/2019(81)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

## <u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## <u>ന്യൂനതകളുടെ സംഗ്രഹം</u>

1. ആർ പി 43 പ്രകാരം വസ്തുനികുതി ഇനത്തിലെ വരവ് സഞ്ചയയിൽ 3337824രൂപയും വാർഷിക കണക്കിൽ 3200147 രൂപയുമാണ്. വസ്തുനികുതി കുടിശ്ശിക ഇനത്തിലെ വരവ് സഞ്ചയ പ്രകാരം 390748 രൂപയും വാർഷിക കണക്ക് പ്രകാരം 388067രൂപയുമാണ്.
2. 31-03-2019 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(81)

Kerala State Audit Department

District Audit Office

Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Vadakarapathy Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vadakarapathy Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Abstract of Defects / Discrepancies

1) As per Sanchaya Software, Property Tax collection is Rs.3337824. As per AFS, the figure is Rs.3200147. As per Sanchaya Software Property Tax Arrear collection is Rs.390748/- and in AFS the figure is Rs. 388067.

2) Since Sachithra Software is not linked with Sankhya, accuracy of asset value shown in balance sheet could not be verified.

3) Stock registers are not maintained value based'

Deputy Director

# അനുബന്ധം -2

## വിവിധ പത്രികകളുടെ സംക്ഷിപ്തം

### 1. Receipt and Payment Statement

| Vadakarapathy Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8032075.00 |
| Cash | Cash | RP-40(a) | 62179.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 912241.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| | | | |

| | | | |
|---|---|---|---|
| 130000000 | Rental income from Panchayat Properties | RP-3 | 30950.00 |
| 140000000 | Fees & User Charges | RP-4 | 1030998.00 |
| 150000000 | Sale & Hire Charges | RP-5 | 179908.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59702258.00 |
| 171000000 | Interest Earned | RP-9 | 165103.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14074522.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 355345.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 320704.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 168903.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 44694509.00 |
| 340000000 | Deposits Received | RP-34 | 407959.00 |
| 350000000 | Other Liabilities | RP-36 | 208126.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10596249.00 |
| 460000000 | Loans, Advances and Deposits | RP-47 | 802403.00 |
| | **Grand total** | | **141744432.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4790455.00 |
| 220000000 | Administrative Expenses | RP-12 | 1171345.00 |
| 230000000 | Operations & Maintenance | RP-13 | 4561686.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7319801.00 |
| | | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23629349.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1822484.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 143138.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 253920.00 |
| 255000000 | Maintenance Projects | RP-20 | 9244446.00 |
| 280000000 | Prior Period item | RP-26 | -32618.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2601931.00 |
| 350000000 | Other Liabilities | RP-36 | 5863067.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2882.00 |
| 280000000 | Prior Period Item | RP-26 | -3100.00 |
| 330000000 | Secured Loans | RP-32 | 845038.00 |
| 340000000 | Deposits Received | RP-34 | 135850.00 |
| 350000000 | Other Liabilities | RP-36 | 1472017.00 |
| 410000000 | Fixed Assets | RP-38 | 5765585.00 |
| 412000000 | Capital work in Progress | RP-40 | 5310562.00 |
| 440000000 | Pre-paid Expenses | RP-45 | 43600000.00 |
| 460000000 | Loans, Advances and Deposits | RP-47 | 7664410.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 15472091.00 |
| Cash | Cash | RP-40(b) | 110093.00 |
| | **Grand Total** | | **141744432.00** |

## 2. Income and Expenditure Statement

| | | | |
|---|---|---|---|
| **Vadakarapathy Grama Panchayat INCOME & EXPENDITURE STATEMENT** | | | |
| For the period from 01-April-2018 to 31-March-2019 | | | |
| | | | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5018633.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 130698.00 |
| 140000000 | Fee & User Charges | I-4(b) | 1853248.00 |
| 150000000 | Sale & Hire Charges | I-5(b) | 179908.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 147127369.00 |
| 171000000 | Interest Earned | I-8 | 165103.00 |
| 180000000 | Other Income | I-9 | 168903.00 |
| | **Total Income** | | **154643862.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10921662.00 |
| 220000000 | Administrative Expenses | I-11(b) | 1171345.00 |
| 230000000 | Operations & Maintenance | I-12(b) | 7969900.00 |
| 240000000 | Interest & Finance Charges | I-13 | 2882.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7319801.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65430704.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1822484.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 143138.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49302220.00 |
| 255000000 | Maintenance Projects | I-14(e) | 9244446.00 |
| 272000000 | Depreciation | I-17(a) | 921658.00 |
| | **Total Expenditure** | | **154250240.00** |
| | **Gross Surplus/ Deficit of income over Expenditure** | | **393622.00** |
| 280000000 | Prior Period Item | I-18 | 44528.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **349094.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 3. Balance Sheet

| | | | |
|---|---|---|---|
| | **Vadakarapathy Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 31784063.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 79234221.00 |
| | **Total Reserve & Surplus** | | **111018284.05** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9150718.00 |
| | **Total Grants, Contributions for Specific Purposes** | | **9150718.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 44694509.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **44694509.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1825651.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 950639.95 |
| | **Total Current Liabilities and Provisions** | | **2776290.95** |
| | **TOTAL LIABILITIES** | | **167639802.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 96883920.00 |
| 411000000 | Accumulated Depreciation | B-11 | -4208623.00 |
| 412000000 | Capital Work in Progress | B-11(a) | 1782322.00 |
| | **Total Fixed Assets** | | **94457619.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7012936.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 43600000.00 |
| | | | |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 15582184.00 |
| 460000000 | Loans, Advances and Deposits | B-18 | 6987063.00 |
| | **Total Current Assets, Loans and Advances** | | **73182183.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **167639802.00** |

ഡെപ്യൂട്ടി ഡയറക്ടർ